LIBRARY ARCHIVES Kerala Legislative Assembly

ശ്രീമതി കെ. ആർ. സരസ്വതി അമ്മ : നായർ സമുദായത്തിന്റെ കൂട്ടത്തിൽ ചക്കാല നായന്മാർ എന്നൊരു വിഭാഗമുണ്ട്. അവർ ഏറ്റവും അവശതകളും അനുഭവിക്കുന്ന ഒരു ജനവിഭാഗമാണ്. അവരെക്കൂടി പിന്നാക്ക സമുദായങ്ങളുടെ ലിസ്റ്റിൽ ഉൾപ്പെടുത്തി വേണ്ട സൗജന്യങ്ങളും ചെയ്തുകൊടുക്കുമോ ?

ശ്രീ. കെ. കുഞ്ഞമ്പു : ചക്കാല എന്ന സമുദായത്തെ ഇപ്പോഴത്തന്നെ പിന്നാക്കസമുദായത്തിന്റെ ലിസ്റ്റിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

ശ്രീമതി കെ. ആർ. സരസ്വതി അമ്മ : എന്നാൽ അവർക്ക് ഇതുവരെയായിട്ടും യാതൊരുവിധത്തിലുള്ള ആനുകൂല്യവും കിട്ടിയിട്ടില്ലെന്നുള്ള വസ്തുത ഗവണ്മെന്റിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. കുഞ്ഞമ്പു : എല്ലാ വിഭാഗക്കാരേയും പിന്നാക്കസമുദായത്തിൽപ്പെടുത്തിയാൽ പിന്നെ മുന്നാക്കസമുദായത്തിൽ ആളുകൾ വേണ്ടേ ?

ശ്രീ. കൂറൂർ നീലകണ്ഠൻ നമ്പൂതിരിപ്പാട് : കള്ളറിപ്പയറ്റ് പഠിപ്പിക്കുന്ന ഒരു വിഭാഗമുണ്ട്. അവരിൽ പകുതിപ്പേർ ചാവക്കാട്ടും പകുതിപ്പേർ തൃശ്ശൂരുമാണ് ഉള്ളത്. അവരെ പിന്നാക്കസമുദായങ്ങളുടെ കൂട്ടത്തിൽ ഉൾപ്പെടുത്തിയിട്ടുമുണ്ട്. എന്നാൽ തൃശ്ശൂരുള്ളവർക്ക്.അതനുസരിച്ചുള്ള ആനുകൂല്യങ്ങൾ കിട്ടുന്നില്ല. ചാവക്കാട്ടുള്ളവർക്ക് ആനുകൂല്യങ്ങൾ കിട്ടുന്നുണ്ട്. അങ്ങനെ വരാതെ അത് ഏകീകരിച്ച് എല്ലാ ഭാഗത്തുമുള്ളവർക്കും സൗജന്യം ചെയ്തുകൊടുക്കുന്നതിന് ശ്രമിക്കുമോ ?

ശ്രീ. കെ. കുഞ്ഞമ്പു : അതിനെപ്പറ്റി പരിശോധിക്കാം.

വെൽഫെയർ ടെയിനിംഗ് കോഴ്സ് സർട്ടിഫിക്കറ്റ്.

* 899. [44] ശ്രീ. കെ. അവുക്കാദർകുട്ടി നഹ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഹരിജനക്ഷേമവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റിൽ ഇപ്പോൾ എത്ര വെൽഫെയർ ടെയിനിംഗ് സെന്ററുകളുണ്ട് ;

(ബി) ഈ ടെയിനിംഗ് കോഴ്സിന്റെ കാലാവധി എത്ര വർഷമാണ് ;

(സി) ഈ ടെയിനിംഗ് പാസ്സാകുന്നവർക്ക് വല്ല സർട്ടിഫിക്കറ്റോ മറ്റോ നൽകുന്നുണ്ടോ ;

(ഡി) 31–12–1962-ന് ടെയിനിംഗ് പൂർത്തിയായ ചിലരെ ഇന്നേവരെ അവരുടെ പരീക്ഷാഫലം അറിയിക്കുകയോ സർട്ടിഫിക്കറ്റ് നൽകുകയോ ചെയ്തിട്ടില്ലെന്നവിവരം ഗവണ്മെന്റിന്റെ ശ്രദ്ധയിൽ പെട്ടിട്ടുണ്ടോ ?

ഹരിജനക്ഷേമവകുപ്പുമന്ത്രി (ശ്രീ. കെ. കുഞ്ഞമ്പു) :

(എ) 100.

(ബി) രണ്ട് വർഷം.

(സി) ഉണ്ട്.

(ഡി) ഉണ്ട്.